"ഭരണഭാഷ – മാതൃഭാഷ"

നം. ഇ1 / 15221 / 2015

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം
തീയതി 16-04-2016

**സർക്കുലർ നമ്പർ. 17 / 2016**

വിഷയം: റവന്യൂ ഡെപ്പോസിറ്റുകൾ സർക്കാരിന്റെ റവന്യൂ ശീർഷകത്തിലേക്ക് മാറ്റുന്നത് – സംബന്ധിച്ച്

സൂചന: 01-04-2016ലെ 166315/എസ്.എൻ3/2016/ധന നമ്പർ സർക്കാർ കത്ത്

KFC Article 282, 282-A പ്രകാരം മൂന്ന് വർഷ കാലാവധി പൂർത്തിയായതും അവകാശപ്പെടാത്തതുമായ റവന്യൂ ഡെപ്പോസിറ്റുകൾ സർക്കാരിന്റെ ഉചിതമായ റവന്യൂ ശീർഷകത്തിലേക്ക് മാറ്റാവുന്നതും, ആവശ്യമെങ്കിൽ പിന്നീട് പിൻവലിച്ചു നൽകാവുന്നതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഏത് ശീർഷകത്തിലാണ് റവന്യൂ ഡെപ്പോസിറ്റ് ഒടുക്കേണ്ടത് സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നതിനാൽ സർക്കാർ സൂചന കത്ത് പ്രകാരം സ്പഷ്ടീകരണം നൽകിയിരിക്കുന്നു.

മൂന്ന് വർഷ കാലാവധി പൂർത്തിയായതും അവകാശപ്പെടാത്തതുമായ റവന്യൂ ഡെപ്പോസിറ്റുകൾ '0075-00-101-99 അവകാശപ്പെടാത്ത നിക്ഷേപങ്ങൾ' എന്ന റവന്യൂ ശീർഷകത്തിലാണ് ഒടുക്കേണ്ടതെന്ന് സർക്കാർ നിർദ്ദേശിച്ചിരിക്കുന്നു.

മേൽ സർക്കാർ നിർദ്ദേശം എല്ലാ ട്രഷറി ഓഫീസർമാരും കൃത്യമായി പാലിക്കേണ്ടതാണ്.

**ജെ. സി. ലീല**
**ട്രഷറി ഡയറക്ടർ**

സ്വീകർത്താവ്

എല്ലാ ട്രഷറി ഓഫീസർമാർക്കും

||ഉത്തരവിൻ പ്രകാരം||

||സീനിയർ സൂപ്രണ്ട്||

a

ഭരണഭാഷ - മാതൃഭാഷ

കേരള സർക്കാർ

നം. 166315/എസ്. എൽ.3/2016/ധന

ധനകാര്യ (എസ്.എൽ) വകുപ്പ്
തിരുവനന്തപുരം
തീയതി: 01.4.2016.
Ph: 2518814
Email.info.fin@kerala.gov.in.

ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി,

**ട്രഷറി ഡയറക്ടർ,**
**തിരുവനന്തപുരം.**

സർ,

വിഷയം;- റവന്യൂ ഡെപ്പോസിറ്റുകൾ സിവിൽ സപ്ലൈസ് വകുപ്പ് ശീർഷകത്തിലേയ്ക്ക് വരവ് വയ്ക്കുന്നത് - സംബന്ധിച്ച്.

സൂചന:- 8.1.2016 ലെ E1/15221/2015 നമ്പരായുള്ള താങ്കളുടെ കത്ത്.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. KFC യിലെ ചട്ടങ്ങൾ പ്രകാരം, മൂന്ന് വർഷം കാലാവധി പൂർത്തിയായതും അവകാശപ്പെടാത്തതുമായ റവന്യൂ ഡെപ്പോസിറ്റുകൾ സർക്കാരിന്റെ ഉചിതമായ റവന്യൂ ശീർഷകത്തിലേയ്ക്ക് മാറ്റാവുന്നതും, ഇപ്രകാരം സർക്കാരിലേയ്ക്ക് മാറ്റിയ തുക ആവശ്യമെങ്കിൽ പിന്നീട് പിൻവലിച്ചു നൽകാവുന്നതാണ്. ഇത്തരത്തിൽ മാറ്റുന്ന തുക ഒടുക്കുന്നത് `0075-00-101-99 അവകാശപ്പെടാത്ത നിക്ഷേപങ്ങൾ' എന്ന റവന്യൂ ശീർഷകത്തിലാണ്. ഈ സാഹചര്യത്തിൽ പ്രസ്തുത റവന്യൂ ഡെപ്പോസിറ്റ് `0075-00-101-99' എന്ന ശീർഷകത്തിൽ ഒടുക്കാവുന്നതാണെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,

സുരേഷ്കുമാർ ഒ.ബി
അണ്ടർ സെക്രട്ടറി
ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കു വേണ്ടി

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്,

സെക്ഷൻ ഓഫീസർ.